## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2805** 17.06.2019-ൽ മറുപടിക്ക്

## ഇതരസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത് : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) 2019 മേയ് 31 ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര ഇതരസംസ്ഥാന തൊഴിലാളികൾ തൊഴിൽ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏറ്റവും കൂടുതൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളത് ഏത് ജില്ലയിലാണ്; | (എ) "ആവാസ്" പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് 31.05.2019 തീയതി വരെ 3,73,688 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഏറ്റവും കൂടുതൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളത് എറണാകുളം ജില്ലയിലാണ്. |
| (ബി) അനൗദ്യോഗിക കണക്ക് പ്രകാരം മുപ്പത് ലക്ഷത്തിലധികം ഇതരസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് ജോലി ചെയ്യുന്നുവെങ്കിലും തൊഴിൽ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്യുവാൻ അവർ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണ്; വിവരിക്കുമോ; | (ബി) 'ആവാസ്' പദ്ധതി പ്രകാരമുള്ള രജിസ്ട്രേഷൻ നിർബന്ധിതമല്ല. സ്വമേധയാ തയാറായി വരുന്ന വരെയാണ് രജിസ്റ്റർ ചെയ്യിപ്പിച്ചു വരുന്നത്. രജിസ്ട്രേഷന് തൊഴിലാളികൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇതരസംസ്ഥാന തൊഴിലാളികൾക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (സി) ഇതര സംസ്ഥാനങ്ങളിൽ നിന്നു വന്നു പ്രവൃത്തിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം മരണാനന്തര ആനുകൂല്യം, അപകടമരണ |

ധനസഹായം, ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള സഹായം, ചികിത്സാ ധനസഹായം, ടെർമിനൽ ബെനിഫിറ്റ്, പ്രസവ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം തുടങ്ങിയ ആനുകൂല്യങ്ങളും നൽകി വരുന്നു. സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

"അപ്നാഘർ" പദ്ധതി പ്രകാരം ഇതരസംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ വാടകയ്ക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ ലഭ്യമാക്കി വരുന്നു. പദ്ധതിപ്രകാരമുള്ള ആദ്യ പ്രോജക്ട് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) ഈ പദ്ധതികൾ സംബന്ധിച്ച് അവരെ ബോധവൽക്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) വാർത്താമാധ്യമങ്ങൾ വഴിയുള്ള പ്രചരണം, ലഘുലേഖാ വിതരണം നോട്ടീസ് വിതരണം, മൈക്ക് അനൗൺസ്മെന്റ്, സോഷ്യൽ മീഡിയ വഴിയുള്ള സന്ദേശം തുടങ്ങിയവ വഴി പ്രചരണവും ബോധവത്ക്കരണവും നടത്തുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് തൊഴിലാളികളെ സന്ദർശിച്ച് ബോധവൽക്കരണം നൽകി വരുന്നു. |
| (ഇ) ഇവർക്കായി ആരംഭിച്ച ഫെസിലിറ്റേഷൻ സെന്റർ വഴി ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത ഫെസിലിറ്റേഷൻ സെന്റർ എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഇ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഇതരസംസ്ഥാന തൊഴിലാളികൾക്കായി ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ "ശ്രമിക് ബന്ധു" ഫെസിലിറ്റേഷൻ സെന്ററുകൾ ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഫെസിലിറ്റേഷൻ സെന്റർ ഉടൻ പ്രവർത്തനമാരംഭിക്കുന്നതാണ്. |

ആവാസ് പദ്ധതിയിലേയ്ക്കുള്ള രജിസ്ട്രേഷൻ, ഇതരസംസ്ഥാന തൊഴിലാളികളുടെ ജോലി, ബാങ്കിംഗ്, ആരോഗ്യ, യാത്രാ സംബന്ധമായ എല്ലാ ആവശ്യങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, നിർമ്മാണമേഖലയിൽ ജോലിക്കിടെ അപകടത്തിൽപ്പെട്ട് മരണപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ആശ്രിതർക്ക് സർക്കാർ തലത്തിൽനിന്നും ആവശ്യമായ ധനസഹായം ലഭ്യമാക്കാൻ സഹായം നൽകുക, അർഹതപ്പെട്ട നിയമ പരിരക്ഷയെക്കുറിച്ച് ബോധവത്ക്കരണം നടത്തുക എന്നീ സേവനങ്ങൾ ഫെസിലിറ്റേഷൻ സെന്ററുകൾ വഴി നൽകി വരുന്നു.

സെക്ഷൻ ഓഫീസർ.